# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY KOTTAYAM

# INFORMATION BULLETIN

## MARCH - 2024




CHIEF: Dr. RAJESH MANY

DEPUTY CHIEF(I/C): BIJU N

## ഉള്ളടക്കം

പേജ് 03–08 : തൊഴിൽ അവസരങ്ങൾ
പേജ് 09–10 : പൊതുവിജ്ഞാനം
പേജ് 10–11 : പ്രധാന ദിവസങ്ങൾ




**യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ**
**ആൻഡ് ഗൈഡൻസ് ബ്യൂറോ**
**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി , കോട്ടയം**

# തൊഴിൽ അവസരങ്ങൾ

## സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ 3000 അപ്രന്റിസ്

പൊതുമേഖലാ ബാങ്കായ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ യിൽ അപ്രന്റിസ്ഷിപ്പിന് അപേക്ഷിക്കാം.

•ബിരുദധാരികൾക്കാണ് അവസരം.

•രാജ്യത്താകെ വിവിധ റീജനുകളിലായി 3000 ഒഴിവുണ്ട്. ഇതിൽ 87 ഒഴിവ് കേരളത്തിലാണ് (കൊച്ചി-42, തിരുവനന്തപുരം-45).

•ഒരു വർഷമായിരിക്കും പരിശീലനം.

### •യോഗ്യത

ഏതെങ്കിലും വിഷയത്തിൽ നേടിയ അംഗീകൃത സർവകലാശാലാ ബിരുദമാണ് യോഗ്യത. 31.03.2020-ന ശേഷം കോഴ്സ് പൂർത്തിയാക്കിയവർക്കാണ് അപേക്ഷിക്കാൻ അർഹത. ഒരു വർഷമോ അതിൽക്കൂടുതലോ പ്രവൃത്തിപരിചയം/പരിശീലനം നേടിയവർ അപേക്ഷിക്കാൻ അർഹരല്ല. നിലവിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലോ മറ്റെവിടെയെങ്കിലുമോ അപ്രന്റിസ്ഷിപ്പ് ചെയ്യുന്നവരും മുൻപ് ചെയ്ത വരും അപേക്ഷിക്കാൻ പാടില്ല. ഏതെങ്കിലും ഒരു റീജനിലേക്കുമാത്രമേ, അപേക്ഷിക്കാനാവൂ. അപേക്ഷകർ പ്രാദേശികഭാഷ അറിയുന്നവരാകണം. ഇത് തെളിയിക്കുന്നതിന് എട്ട്/പത്ത്/പന്ത്രണ്ട് ക്ലാസുകളിലെയോ ബിരുദ തലത്തിലെയോ സർട്ടിഫിക്കറ്റ് ഹാജരാക്കണം. സ്റ്റൈപ്പെൻഡ്: 15,000 രൂപ.

### •അപേക്ഷ

അപ്രന്റീസ്ഷിപ്പിന് www.nats.education.gov.in എന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യണം. വിജ്ഞാപനം www.centralbankofindia.co.in -ൽ ലഭിക്കും.

➢അവസാന തീയതി: മാർച്ച് ആറ്.

## നേവിയിൽ ഓഫീസർ

ഇന്ത്യൻ നേവിയിൽ ഓഫീസർ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിന് അപേക്ഷ ക്ഷണിച്ചു. ഷോർട്ട് സർവീസ് കമ്മിഷൻ വിജ്ഞാപനമാണ്.

•254 ഒഴിവുകളാണുള്ളത്.

•പുരുഷന്മാർക്കും വനിതകൾക്കും അപേക്ഷിക്കാം.

•അപേക്ഷകർ അവിവാഹിതരായിരിക്കണം.

അടിസ്ഥാന ശമ്പളം 56.100 രൂപ

**ജനറൽ സർവീസ്**

•ഒഴിവ്-50.

•യോഗ്യത: 60 ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.ഇ./ബി.ടെക്.

•പ്രായം: 2000 ജനവരി രണ്ടിനും 2005 ജൂലായ് ഒന്നിനുമിടയിൽ ജനിച്ചവർ.

**പൈലറ്റ്/നേവൽ എയർ ഓപ്പറേഷൻസ് ഓഫീസർ/എയർ ട്രാഫിക് കൺട്രോളർ**

•ഒഴിവ്-46.

•**യോഗ്യത:** 60 ശതമാനം മാർ ക്കോടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.ഇ./ബി.ടെക്. പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ ആകെ 60 ശതമാനം മാർക്കുണ്ടായിരിക്കണം. കൂടാതെ, പത്തിലോ പന്ത്രണ്ടിലോ ഇംഗ്ലീഷ് വിഷയത്തിനുമാത്രമായി 60 ശതമാനം മാർക്ക് വേണം.

•**പ്രായം:** എയർ ട്രാഫിക് കൺട്രോളർ കേഡറിലേക്ക് അപേക്ഷിക്കുന്നവർ 2000 ജനുവരി രണ്ടിനും 2004 ജനുവരി ഒന്നിനുമിടയിൽ ജനിച്ചവരും മറ്റ് കേഡറുകളിലേക്ക് അപേക്ഷിക്കുന്നവർ 2001 ജനുവരി രണ്ടിനും 2006 ജനുവരി ഒന്നിനു മിടയിൽ ജനിച്ചവരുമായിരിക്കണം.

## ലോജിസ്റ്റിക്സ്

•ഒഴിവ്–30.

**യോഗ്യത:** ഫസ്റ്റ് ക്ലാസോടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.ഇ./ബി.ടെക്. അല്ലെങ്കിൽ, ഫസ്റ്റ് ക്ലാസോടെ എം.ബി.എ./എം.സി.എ./എം.എസ്. സി. (ഐ.ടി.). അല്ലെങ്കിൽ, ഫസ്റ്റ് ക്ലാസോടെയുള്ള ബി.എസ്.സി./ബി.കോം./ബി.എസ്.സി. (ഐ.ടി.) യും ഫിനാൻസ്/ലോജിസ്റ്റിക്സ്/സപ്ലൈ ചെയിൻ മാനേജ്മെന്റ്/മെറ്റീരിയൽ മാനേജ്മെന്റിൽ സ്പെഷ്യലൈസേഷനോടെയുള്ള പി.ജി. ഡിപ്ലോമയും.

•**പ്രായം:** 2000 ജനുവരി രണ്ടിനും 2005 ജൂലായ് ഒന്നിനുമിടയിൽ ജനിച്ചവർ.

## നേവൽ ആർമമെന്റ് ഇൻസ്പെക്ടറേറ്റ് കേഡർ

•ഒഴിവ്–10.

•**യോഗ്യത:** 60 ശതമാനം മാർക്കോടെ ബി.ഇ./ബി.ടെക്. (വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് വിജ്ഞാപനം കാണുക)/പി.ജി. (ഇലക്ട്രോണിക്സ്/ ഫിസിക്സ്). പത്ത്, പന്ത്രണ്ട് കാറ്റുകളിൽ ആകെ 60 ശതമാനം മാർക്കുണ്ടായിരിക്കണം. കൂടാതെ, പത്തിലോ പന്ത്രണ്ടിലോ ഇംഗ്ലീഷ് വിഷയത്തിനുമാത്രമായി 60 ശതമാനം മാർക്ക് വേണം.

•**പ്രായം:** 2000 ജനുവരി രണ്ടിനും 2005 ജൂലായ് ഒന്നിനുമിടയിൽ ജനിച്ചവർ.

## എജ്യൂക്കേഷൻ

•ഒഴിവ്–18,

•**യോഗ്യത:** ഫിസിക്സ് ഉൾപ്പെട്ട ബി.എസ്.സി. യും 60 ശതമാനം മാർക്കോടെ മാത്സ്/ഓപ്പറേഷണൽ റിസർച്ചിൽ എം.എസ്സി.യും. അല്ലെങ്കിൽ, മാത്സ് ഉൾപ്പെട്ട ബി.എസ്.സി.യും 60 ശതമാനം മാർക്കോടെ ഫിസിക്സ്/അപ്ലൈഡ് ഫിസിക്സിൽ എം.എസ്.സി.യും. അല്ലെങ്കിൽ, ഫിസിക്സ് ഉൾപ്പെട്ട ബി.എസ്സി.യും 60 ശതമാനം മാർക്കോടെ കെമിസ്ട്രിയിൽ എം.എസ്.സി.യും. അല്ലെങ്കിൽ, 60 ശതമാനം മാർക്കോടെ മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിങ്ങിൽ ബി.ഇ./ബി.ടെക്. അല്ലെങ്കിൽ, 60 ശതമാനം മാർക്കോടെ തെർമൽ/പ്രൊഡക്ഷൻ എൻജിനിയറിങ്/മെഷീൻ ഡിസൈൻ, കമ്യൂണിക്കേഷൻ സിസ്റ്റം എൻജിനിയറിങ് ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിങ്/വി.എൽ.എസ്.ഐ./പവർ സിസ്റ്റം എൻജിനിയറിങ്ങിൽ എം.ടെക്. അപേക്ഷകർക്ക് പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ ആകെ 60 ശതമാനം മാർക്കുണ്ടായിരിക്കണം. കൂടാതെ, പത്തിലോ പന്ത്രണ്ടിലോ ഇംഗ്ലീഷ് വിഷയത്തിനുമാത്രമായി 60 ശതമാനം മാർക്ക് വേണം.

•**പ്രായം:** 2000 ജനുവരി രണ്ടിനും 2004 ജനുവരി ഒന്നിനുമിടയിൽ ജനിച്ചവർ.

### ടെക്നിക്കൽ (എൻജിനിയറിങ് /ഇലക്ട്രിക്കൽ/ നേവൽ കൺസ്ട്രക്ടർ)

•ഒഴിവ്–100.

•**യോഗ്യത:** 60 ശതമാനം മാർക്കോടെയുള്ള ബി.ഇ./ബി.ടെക്. (വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക). പ്രായം: 2000 ജനുവരി രണ്ടിനും 2005 ജൂലായ് ഒന്നിനുമിടയിൽ ജനിച്ചവർ. എൻ.സി.സി.–സി സർട്ടിഫിക്കറ്റുള്ളവർക്ക് കട്ട് ഓഫ് മാർ ക്കിൽ ഇളവ് ലഭിക്കും. കമേഴ്സ്യൽ പൈലറ്റ് ലൈസൻസുള്ള വർക്ക് പ്രായത്തിലും നിശ്ചിത ഇളവിന് അർഹതയുണ്ട്. നിയമനം പത്തുവർഷത്തേക്കായിരിക്കും. നാലുവർഷം കൂടി ദീർഘിപ്പിക്കാം.

➢വിശദ വിവരങ്ങൾക്ക്: www.joinindiannavy.gov.in

➢അവസാന തീയതി: മാർച്ച് 10.

## സ്റ്റീൽ അതോറിറ്റിയിൽ ഓപ്പറേറ്റർ –കം–ടെക്നീഷ്യൻ ട്രെയിനി

•കേന്ദ്ര പൊതുമേഖലാസ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിൽ ഓപ്പറേറ്റർ കം ടെക്നീഷ്യൻ ട്രെയിനി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

•വിവിധ വിഷയങ്ങളിലായി 314 ഒഴിവുണ്ട്. രാജ്യത്തെ വിവിധയിടങ്ങളിലുള്ള സ്റ്റീൽപ്ലാന്റുകളിലും യൂണിറ്റുകളിലുമാണ് നിയമനം. രണ്ടുവർഷമായിരിക്കും പരിശീലനം.

•**വിഷയങ്ങളും ഒഴിവും:** മെറ്റലർജി–57, ഇലക്ട്രിക്കൽ–64, മെക്കാനിക്കൽ–100, ഇൻസ്ട്രുമെൻറേഷൻ –17, സിവിൽ–22, കെമിക്കൽ–18, സെറാമിക്–6, ഇലക്ട്രോണിക്സ്–8, കംപ്യൂട്ടർ/ഐ.ടി.(മൈൻസ്)–20, ഡ്രോട്ട്സ്മാൻ–2. സ്റ്റൈപ്പെൻഡ്: രണ്ടുവർഷത്തെ പരിശീലനകാലയളവിൽ ആദ്യവർഷം 16,100 രൂപയും രണ്ടാംവർഷം 18,300 രൂപയും സ്റ്റൈപ്പെൻഡ് ലഭിക്കും.

•**യോഗ്യത:** 50 ശതമാനം മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ത്രിവത്സര ഡിപ്ലോമ (ഭിന്നശേഷിക്കാർക്കും എസ്.സി./എസ്.ടി. വിഭാഗക്കാർക്കും 40 ശതമാനം മതി). ഡ്രോട്ട്സ്മാന് ഡിപ്ലോമയ്ക്കുപുറമേ ഒരുവർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.

➢വിശദ വിവരങ്ങൾക്ക്: www.sail.co.in

➢അവസാനതീയതി: മാർച്ച് 18.

## എയർപോർട്സ് അതോറിറ്റി 490 ജൂനിയർ എക്സിക്യൂട്ടീവ്

ഡൽഹി എയർപോർട്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് കീഴിൽ 490 ജൂനിയർ എക്സിക്യൂട്ടീവ് ഒഴിവ്.

➢ഏപ്രിൽ 2 മുതൽ മേയ് 1 വരെ ഓൺ ലൈനായി അപേക്ഷിക്കാം

•**യോഗ്യത:** ബിടെക് (ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) ഒരു വർഷം പരിചയം.

| ഒഴിവുള്ള വിഭാഗം | യോഗ്യത |
|---|---|
| ആർക്കിടെക്ചർ | ബി.ആർക്, കൗൺസിൽ ഓഫ് ആർക്കിടെക്ചർ റജിസ്ട്രേഷൻ |
| എൻജിനീയറിങ്–സിവിൽ | ബിഇ/ ബി.ടെക് (സിവിൽ) |
| എൻജിനീയറിങ്–ഇലക്ട്രിക്കൽ | ബിഇ/ ബിടെക് (ഇലക്ട്രിക്കൽ) |
| ഇലക്ട്രോണിക്സ് | ബിഇ/ ബിടെക് (ഇലക്ട്രോണിക്സ്/ ടെലികമ്യൂണിക്കേഷൻസ്/ ഇലക്ട്രിക്കൽ വിത് സ്പെഷലൈസേഷൻ ഇൻ ഇലക്ട്രോണിക്സ്) |
| ഐ.ടി. | ബിഇ/ ബിടെക് (കംപ്യൂട്ടർ സയൻസ്/ കംപ്യൂട്ടർ എൻജിനീയറിങ്/ ഐടി/ ഇലക്ട്രോണിക്സ്), അല്ലെങ്കിൽ എംസിഎ. |

- അപേക്ഷകർ ബന്ധപ്പെട്ട വിഷയത്തിൽ ഗേറ്റ് 2024 യോഗ്യത നേടിയിരിക്കണം
- **പ്രായപരിധി:** 27. (അർഹർക്ക് ഇളവ്)
- **ശമ്പളം:** ₹40,000–₹1,40,000.
- **ഫീസ്:** 300 രൂപ. ഓൺലൈനായി അടയ്ക്കണം. പട്ടികവിഭാഗം, ഭിന്നശേഷിക്കാർ, സ്ത്രീകൾ, എയർപോർട് അതോറിറ്റി ഓഫ് ഇന്ത്യയിൽ ഒരു വർഷ അപ്രൻറിസ്ഷിപ് പരിശീലനം പൂർത്തിയാക്കിയ അപ്രൻറിസുകൾ എന്നിവർക്ക് ഫീസില്ല.

➢ വിശദ വിവരങ്ങൾക്ക്: www.aai.aero

## സെയിൽ: 314 ടെക്നിഷ്യൻ

സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിനു കീഴിലെ വിവിധ സ്റ്റീൽ പ്ലാന്റുകളിലായി 314 ഓപ്പറേറ്റർ കം ടെക്നിഷ്യൻ ട്രെയിനി ഒഴിവ്.

➢ **മാർച്ച് 18 വരെ ഓൺലൈനായി അപേക്ഷിക്കാം.**

➢ www.sail.co.in

- **ട്രേഡുകൾ:** മെറ്റലർജി, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇൻസ്ട്രുമെൻറേഷൻ, സിവിൽ, കെമിക്കൽ, സിറാമിക്, ഇലകട്രോണിക്സ്, കംപ്യൂട്ടർ/ഐ.ടി., ഡ്രാഫ്റ്റ്സ്മാൻ.
- **യോഗ്യത:** പത്താം ക്ലാസ്, ബന്ധപ്പെട്ട ട്രേഡിൽ 3 വർഷ ഫുൾടൈം ഡിപ്ലോമ. ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് ഒരു വർഷ പരിചയംകൂടി വേണം.
- **പ്രായം** : 18–28.
- **അപേക്ഷാഫീസ്:** 500 രൂപ. എസ്.സി., എസ്.ടി. , ഭി ന്നശേഷിക്കാർക്ക് 200 രൂപ.

തിരഞ്ഞെടുപ്പ്: കംപ്യൂട്ടർ ബേഡ്ഡ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ.
ശാരീരിക യോഗ്യത, കാഴ്ചശക്തി മാനദണ്ഡങ്ങൾ ഉൾപ്പെടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ. www.sail.co.in

## റിലീജിയസ് ടീച്ചർ

•കരസേനയിൽ റിലീജിയസ് ടീച്ചർ ആകാം.
•ജൂനിയർ കമ്മിഷൻഡ് ഓഫിസർ തസ്തികയിലാണ് അവസരം.

➢ഓൺലൈൻ റജിസ്ട്രേഷൻ മാർച്ച് 22 വരെ.

•പരീക്ഷ ഏപ്രിൽ 22 മുതൽ മേയ് 7 വരെ.
•റിക്രൂട്മെന്റ് റാലി തീയതി പിന്നീട് അറിയിക്കും.
•പണ്ഡിറ്റ്, പണ്ഡിറ്റ് (ഗൂർഖ), ഗ്രാന്ഥി, മൗലവി, പാതിരി, ബുദ്ധ് മോങ്ക് എന്നീ വിഭാഗങ്ങളിലാണ തിരഞ്ഞെടുപ്പ്,
•തിരഞ്ഞെടുപ്പ്: എഴുത്തുപരീക്ഷ, റിക്രൂട്മെൻ്റ് റാലി, ഇൻ്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ
•ഓൺലൈൻ റജിസ്ട്രേഷൻ : www.joinindianarmy. nic.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ റജിസ്ട്രേഷൻ നടത്താം. 250 രൂപ പരീക്ഷാ ഫീസുമുണ്ട്. ഓൺലൈനിലൂടെ ഫീസ് അടയ്ക്കാം. ഓൺലൈൻ അപേക്ഷാഫോം പേയ്മെൻറ് ഗേറ്റ് വേയുമായി ചേർത്തിരിക്കും.

➢വിശദവിവരങ്ങൾക്ക്: www.joinindianarmy.nic.in

## ശിപായി ഫാർമ

•കരസേനയിൽ ശിപായി ഫാർമ ആകാൻ അവസരം.
•കേരളം, കർണാടക, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽനിന്നുള്ള പുരുഷൻമാർക്ക് അപേക്ഷിക്കാം.

➢ഓൺലൈൻ റജിസ്ട്രേഷൻ മാർച്ച് 22 വരെ.

•പരീക്ഷ ഏപ്രിൽ 22 മുതൽ.
•റിക്രൂട്മെന്റ് റാലി തീയതി പിന്നീട് അറിയിക്കും.
•**യോഗ്യത:** പ്ലസ് ടു ജയം/തത്തുല്യവും 55% മാർക്കോടെ ഫാർമസി ഡിപ്ലോമയും. സ്റ്റേറ്റ് ഫാർമസി കൗൺസിൽ അല്ലെങ്കിൽ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ റജിസ്ട്രേഷനും വേണം. 50% മാർക്കോടെ ഫാർമസി ബിരുദവും സ്റ്റേറ്റ് ഫാർമസി കൗൺസിൽ അല്ലെങ്കിൽ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ റജിസ്ട്രേഷനും ഉള്ളവരെയും പരിഗണിക്കും.കരസേനാ വെബ്സൈറ്റിലെ നിർദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് ശാരീരികക്ഷമതയുണ്ടാകണം.
•**പ്രായം:** 19–25. 1999 ഒക്ടോബർ ഒന്നിനും 2005 ഏപ്രിൽ ഒന്നിനും ഇടയിൽ (രണ്ടു തീയതിയുമുൾപ്പെടെ) ജനിച്ചവരാകണം.
•**തിരഞ്ഞെടുപ്പ്:** എഴുത്തുപരീക്ഷ, ശാരീരികക്ഷമതാപരീക്ഷ, വൈദ്യപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ. ശാരീരികക്ഷമതാ പരീക്ഷയ്ക്ക് 1.6 കി.മീ. ഓട്ടം, ബീം (പുൾ അപ്), 9 അടി കിടങ്ങ് ചാടിക്കടക്കൽ, സിഗ്–സാഗ് ബാലൻസിങ് എന്നിവയുണ്ടാകും.

**ഓൺലൈൻ റജിസ്ട്രേഷൻ:** www.joinindianarmy.nic.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ റജിസ്ട്രേഷൻ നടത്താം. 250 രൂപ പരീക്ഷാഫീസുമുണ്ട്. ഓൺലൈനിലൂടെ ഫീസ് അടയ്ക്കാം. ഓൺലൈൻ അപേക്ഷാഫോം പേയ്മെന്റ് ഗേറ്റ് വേയുമായി ചേർത്തിരിക്കും.

➢ വിശദവിവരങ്ങൾക്ക്: www.joinindianarmy.nic.in

## BEL: 47 എൻജിനീയർ

•ബെംഗളൂരു ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ സോഫ്റ്റ്വെയർ ഡിവിഷനിൽ ട്രെയിനി എൻജിനീയറുടെ 47 താൽക്കാലിക ഒഴിവ്.
•കൊച്ചി, ഡൽഹി, ഗാസിയാബാദ്, വിസാഗ്, മുംബൈ, ഇൻഡോർ, കൊൽക്കത്ത എന്നിവിടങ്ങളിലും നിയമനമുണ്ടാകാം.

➢ **മാർച്ച് 7 വരെ ഓൺലൈനായി അപേക്ഷിക്കാം.**

•**യോഗ്യത:** ബി.ഇ./ബി.ടെക്./ബി.എസ്.സി. എൻജി. (സി.എസ്.ഇ./ഐ.എസ്./ഐ.ടി.)
•**പ്രായപരിധി** : 28.
•**ശമ്പളം** : ₹30,000–₹40,000.

➢ വിശദവിവരങ്ങൾക്ക്: www.bel-india.in

## NBCC: 93 എക്സിക്യൂട്ടീവ് / ട്രെയിനി

•ഡൽഹി ആസ്ഥാനമായ എൻ.ബി.സി.സി. (ഇന്ത്യ) ലിമിറ്റഡിൽ 93 ഒഴിവ്. റഗുലർ നിയമനം.

➢ **ഫെബ്രുവരി 28 മുതൽ മാർച്ച് 27 വരെ ഓൺലൈനായി അപേക്ഷിക്കാം.**

•**തസ്തികകൾ:** ജനറൽ മാനേജർ, അഡീഷനൽ ജനറൽ മാനേജർ, ഡപ്യൂട്ടി ജനറൽ മാനേജർ, മാനേജർ, പ്രോജകട് മാനേജർ, ഡപ്യൂട്ടി മാനേജർ, ഡപ്യൂട്ടി പ്രോജക്ട് മാനേജർ, സീനിയർ പ്രോജക്ട് എക്സിക്യൂട്ടീവ്, മാനേജ്മെന്റ് ട്രെയിനി, ജൂനിയർ എൻജിനീയർ.
•യോഗ്യത ഉൾപ്പെടെ വിശദ വിവരങ്ങൾ www.nbccindia.in ൽ പ്രസിദ്ധീകരിക്കും.

## രാമഗുണ്ടം ഫെർട്ടിലൈസേഴ്സ് : 27 മാനേജർ/ഓഫിസർ

രാമഗുണ്ടം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിൻ്റെ തെലങ്കാന പ്ലാൻറിലും നോയിഡ കോർപറേറ്റ് ഓഫിസിലുമായി 27 ഒഴിവ്.

➢ **മാർച്ച് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.**

**തസ്തികകൾ:** അസിസ്റ്റൻറ് മാനേജർ, സീനിയർ മാനേജർ, ചീഫ് മാനേജർ, മാനേജർ, ഡപ്യൂട്ടി ജനറൽ മാനേജർ, ഡപ്യൂട്ടി മാനേജർ, സീനിയർ മെഡിക്കൽ ഓഫിസർ, അഡീഷണൽ സി.എം.ഒ.

➢ വിശദവിവരങ്ങൾക്ക്: www.rfcl.co.in

# പൊതുവിജ്ഞാനം

1. വിജയകരമായി ചന്ദ്രനിലിറങ്ങുന്ന ആദ്യ സ്വകാര്യ പേടകം ?
   **Ans: ഒഡീസിയസ്**
2. ചാറ്റ് ജി പി ടിക്ക് സമാനമായി ഭാരത് ജി പി ടി വികസിപ്പിച്ച എ ഐ സാങ്കേതിക വിദ്യാ സേവനം?
   **Ans: ഹനുമാൻ**
3. 38-ാമത് മൂലൂർ അവാർഡ് ജേതാവ് ?
   **Ans: കെ.രാജഗോപാൽ (കവിതാസമാഹാരം – പതികാലം)**
4. ഇന്ത്യൻ കോസ്റ്റ്കാർഡ് ദിനം?
   **Ans : ഫെബ്രുവരി 1.**
5. ഇന്ത്യൻ വനിതാ ഫുട്ബോൾ ടീം പരാജയപ്പെടുത്തുന്ന ആദ്യ യൂറോപ്യൻ ടീം ?
   **Ans : എസ്റ്റോണിയ**
6. 2024 ഫെബ്രുവരിയിൽ അന്തരിച്ച മുൻ ജർമൻ ഫുട്ബോൾ താരം ?
   **Ans: ആന്ദ്രേയാസ് ബ്രഹ്മേ**
7. ഇന്ത്യയിലെ ആദ്യ വനിതാ പിച്ച് ക്യൂറേറ്ററായി ?
   **Ans: ജസീന്ത കല്യാൺ**
8. സിക്കിമിലെ ആദ്യ റെയിൽവേ സ്റ്റേഷൻ ?
   **Ans: റാംഗ്പോയിൽ**
9. ഓഫീസുകളിൽ സ്റ്റീൽ പാത്രങ്ങളിൽ ചൂടോടെ ഉച്ചയൂൺ എത്തിക്കുന്നതിനായി കുടുംബശ്രീ സജ്ജമാക്കുന്ന പദ്ധതി ?
   **Ans ലഞ്ച് ബെൽ**
10. ഇന്ത്യയുടെ ആദ്യ വിന്റർ ആർട്ടിക് പര്യവേഷണത്തിൽ പങ്കാളിയാകുന്ന കേരളത്തിലെ സർവകലാശാല ?
   **Ans: എം.ജി. സർവകലാശാല**
11. ഇന്ത്യയുടെ അഭിമാനപദ്ധതിയായ ഗഗൻയാൻ ദൗത്യത്തിന്റെ തലവനായ മലയാളി?
   **Ans: പ്രശാന്ത് ബാലകൃഷ്ണൻ നായർ**
12. ലോക വ്യാപാര സംഘടനയുടെ 13മത് മന്ത്രിതല സമ്മേളനത്തിന്റെ വേദി ?
   **Ans: അബുദാബി**
13. ഓൺലൈൻ ഡേറ്റാബേസ് ആയ നംബിയോയുടെ റിപ്പോർട്ട് അനുസരിച്ച് ലോകത്തെ ഏറ്റവും സുരക്ഷിതമായ നഗരം?
   **Ans : അബൂദാബി**
14. 2024 ഫെബ്രുവരിയിൽ ലോക്പാൽ അധ്യക്ഷനായി നിയമിതനായത് ?
   **Ans: ജസ്റ്റിസ് എ എം ഖാൻവിൽക്കർ**
15. ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ മുസ്ലിം പള്ളി നിലവിൽ വന്ന രാജ്യം?
   **Ans: അൽജീരിയ**

16. പാകിസ്ഥാന്റെ ചരിത്രത്തിലെ ആദ്യ വനിതാ മുഖ്യമന്ത്രി ?

**Ans: മറിയം നവാസ്**

17. ലോകത്തിലെ ആദ്യ വേദ ഘടികാരം നിലവിൽ വരുന്നത് ?

**Ans: ഉജ്ജയിനി**

18. ഒരു കോടിയിലധികം വരുമാനമുള്ള ക്ഷേത്രങ്ങളിൽ നിന്ന് 10% നികുതി ഈടാക്കുന്നതിനുള്ള ബിൽ അവതരിപ്പിച്ച സംസ്ഥാനം ?

**Ans: കർണാടക**

19. ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ കേബിള് സ്റ്റേഡ് ബ്രിഡ്ജ് ?

**Ans: സുദര്ശന് സേതു**

20. സംസ്ഥാനത്തെ ആദ്യ ക്ലീൻ ഗ്രാമം ?

**Ans: നന്ദിയോട്, തിരുവനന്തപുരം**

21. സുരക്ഷക്കൊപ്പം കുറ്റകൃത്യങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതി ?

**Ans: സ്മാർട്ട് ഐ**

22. കളിമൺ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആരംഭിച്ച ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ?

**Ans: മൺകുരൽ**

23. സംസ്ഥാനത്ത് സർക്കാർ മേഖലയിലെ ആദ്യ റോബോട്ടിക് സർജറി വിജയകരമായി പൂർത്തിയാക്കിയ ആശുപത്രി ?

**Ans: ആർസിസി തിരുവനന്തപുരം**

24. കേരള ടെക്നോളജി എക്സ്പോ 2024 ൻറെ വേദി ?

**Ans: കോഴിക്കോട്**

25. എൻ.ടി.പി.സി.യുടെ ഡയറക്ടറായി (ഓപ്പറേഷൻസ്) നിയമിതനായത് ?

**Ans: രവീന്ദ്ര കുമാർ**

## മാർച്ച് മാസത്തിലെ ദിനങ്ങൾ

മാർച്ച് 1 – വിവേചന രഹിത ദിനം
മാർച്ച് 3 – ലോക വന്യജീവി ദിനം, ലോക കേൾവി ദിനം
മാർച്ച് 4 – ദേശീയ സുരക്ഷാദിനം
മാർച്ച് 4 – ലൈംഗികചൂഷണത്തിനെതിരെയുള്ള അന്തർദ്ദേശീയദിനം
മാർച്ച് 8 – ലോക വനിതാ ദിനം
മാർച്ച് 14 – പൈ ദിനം
മാർച്ച് 15 –ലോക ഇസ്ലാമോ ഫോബിയ വിരുദ്ധ ദിനം
മാർച്ച് 15 – ലോക ഉപഭോക്തൃ ദിനം


മാർച്ച് 16 – ദേശീയ വാക്സിനേഷൻ ദിനം
മാർച്ച് 18 – ദേശീയ ഓർഡിനൻസ് ഫാക്ടറി ദിനം
മാർച്ച് 20 – ലോക സന്തോഷ ദിനം
മാർച്ച് 21 – ലോക വനദിനം
മാർച്ച് 21 – ലോക വർണ്ണവിവേചന ദിനം
മാർച്ച് 21 – ലോക കാവ്യ ദിനം
മാർച്ച് 21 – ഡൗൺ സിൻഡ്രോം ദിനം
മാർച്ച് 22 – ലോക ജലദിനം
മാർച്ച് 23 – ലോക കാലാവസ്ഥാദിനം
മാർച്ച് 24 – ലോകക്ഷയരോഗ ദിനം
മാർച്ച് 26 – പർപ്പിൾ ദിനം
മാർച്ച് 26 – അപസ്മാര ബോധവൽക്കരണ ദിനം
മാർച്ച് 27 – ലോക നാടകദിനം















Published by

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

MAHATMA GANDHI UNIVERSITY, KOTTAYAM

Phone: 0481-2731025, E-Mail: ugbktm.emp.lbr@kerala.gov.in